**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 399** | **01-11-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കൺസഷൻ കരാറിലെ വ്യവസ്ഥ പ്രകാരം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതിയും ഗുണമേന്മയും ഉറപ്പാക്കുന്നതിനുമായി ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇവർ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം തുറമുഖ കമ്പനിക്ക് (VISL) റിപ്പോർട്ടുകൾ സമർപ്പിക്കുകയും ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ സെക്രട്ടറിമാർ അംഗങ്ങളുമായ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (PIC) ഒരു എംപവേർഡ് കമ്മിറ്റിയും സമയാസമയങ്ങളിൽ പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. പദ്ധതിയു മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു IAS ഓഫീസറുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് RDO യുടെ അദ്ധ്യക്ഷതയിൽ ഒരു Livelihood Impact Assessment കമ്മിറ്റിയും (LIAC) ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ അപ്പീൽ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ പ്രധാന പദ്ധതികൾ ത്വരിതപ്പെടുത്തുവാനായി നിയോഗിച്ചിരുന്ന Additional Chief Secretary (Special Projects- Infrastructure) വിഴിഞ്ഞം പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്ത് വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്കും ഏജൻസികൾക്കും നൽകിയിരുന്നു. തുറമുഖ കമ്പനിയുടെ റിപ്പോർട്ടുകൾ തുറമുഖ വകുപ്പ് മന്ത്രി നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ബഹു. മുഖ്യമന്ത്രിയും ആവശ്യമായ |

| | | | |
|---|---|---|---|
| | | | ഇടപെടലുകൾ നടത്തിയിരുന്നു. പദ്ധതിയ്ക്കാവശ്യമായ 97% ഭൂമിയും നിർമ്മാണക്കമ്പനിക്ക് ഏറ്റെടുത്ത് നൽകി. ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി. ഭൂമി ഏറ്റെടുക്കുന്നതുമായും പദ്ധതി നടത്തിപ്പുമായും ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. റെയിൽ കണക്ടിവിറ്റിക്ക് വേണ്ടിയുള്ള DPR തയ്യാറാക്കി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചു. ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കുന്ന തിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷം ഈ പദ്ധതി സംബന്ധിച്ച് മോണിറ്ററിംഗ് ഉണ്ടായിരുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കൺസഷൻ കരാറിലെ വ്യവസ്ഥ പ്രകാരം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതിയും ഗുണമേന്മയും ഉറപ്പാക്കുന്നതിനുമായി ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇവർ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം തുറമുഖ കമ്പനിക്ക് (VISL) റിപ്പോർട്ടുകൾ സമർപ്പിക്കുകയും ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (PIC) ഒരു എംപവേർഡ് കമ്മിറ്റിയും സമയാസമയങ്ങളിൽ പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. പദ്ധതിയു മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു IAS ഓഫീസറുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് RDO യുടെ അദ്ധ്യക്ഷതയിൽ ഒരു Livelihood Impact Assessment കമ്മിറ്റിയും (LIAC) ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ അപ്പീൽ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ പ്രധാന പദ്ധതികൾ ത്വരിതപ്പെടുത്തുവാനായി നിയോഗിച്ചിരുന്ന Additional Chief Secretary (Special Projects- Infrastructure) വിഴിഞ്ഞം പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്ത് വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്കും ഏജൻസികൾക്കും നൽകിയിരുന്നു. തുറമുഖ കമ്പനിയുടെ റിപ്പോർട്ടുകൾ തുറമുഖ വകുപ്പ് മന്ത്രി നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ബഹു. മുഖ്യമന്ത്രിയും ആവശ്യമായ ഇടപെടലുകൾ നടത്തിയിരുന്നു. പദ്ധതിയ്ക്കാവശ്യമായ 97% ഭൂമിയും നിർമ്മാണക്കമ്പനിക്ക് ഏറ്റെടുത്ത് നൽകി. ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി. ഭൂമി ഏറ്റെടുക്കുന്നതുമായും പദ്ധതി നടത്തിപ്പുമായും ബന്ധപ്പെട്ട പുനരധിവാസ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. റെയിൽ കണക്ടിവിറ്റിക്ക് വേണ്ടിയുള്ള DPR തയ്യാറാക്കി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചു. ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കുന്ന തിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിനായി ഐ.എ.എസ്. കേഡറിലെ ഉദ്യോഗസ്ഥനെ സ്പെഷ്യൽ പ്രോജക്റ്റ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഡോ. ഗോപാലകൃഷ്ണൻ ഐ.എ.എസ് നെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ? | (ഡി) | പദ്ധതിക്ക് വേണ്ട ഭൂമി ഏറ്റെടുക്കലിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുക, പദ്ധതിയുമായി ബന്ധപ്പെട്ട് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ നിശ്ചയിച്ചിട്ടുള്ള പരിസ്ഥിതി പഠന റിപ്പോർട്ടുകൾ വിലയിരുത്തുകയും, നടപടികൾ സ്വീകരിക്കുകയും ചെയ്യുക, കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റിയിൽ നിക്ഷിപ്തമാ യിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തുക, പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജിന്റെ പുരോഗതി വിലയിരുത്തുക, പദ്ധതി പ്രവർത്തനത്തിന് വിഘാതമാകുന്ന തദ്ദേശീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നിവയാണ് കമ്മിറ്റിയുടെ മുഖ്യ ചുമതലകൾ. |

സെക്ഷൻ ഓഫീസർ